പതിമൂന്നാം കേരള നിയമസഭ

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2849

10.12.2014 -ലെ
മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗക്കാരുടെ വിവിധ വായ്പകൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച് ഇറങ്ങിയിട്ടുള്ള ഉത്തരവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി.ശശി** | **ശ്രീ.എ.പി അനിൽകുമാർ**<br>പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
| (എ) പട്ടികജാതി വിഭാഗക്കാർ വിവിധ സർക്കാർ/ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വിവിധ വായ്പകൾ എഴുതി തള്ളുന്നത് സംബന്ധിച്ച് നാളിതു വരെ ഇറങ്ങിയിട്ടുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) പട്ടികജാതി വിഭാഗക്കാരുടെ വായ്പ എഴുതി തള്ളുന്നത് സംബന്ധിച്ച് പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും പുറപ്പെടുവിച്ചവയുടെ ചേർക്കുന്ന സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.<br>1) 12/11/2009 ലെ സ.ഉ (അച്ചടി) 100/2009/പജപവവിവ നം. ഉത്തരവ്<br>2) 28/03/2002 ലെ സ.ഉ ( സാധാ) 561/2012/ പജപവവിവ നം. ഉത്തരവ്<br>3) 31/03/2012 ലെ സ.ഉ (കൈ) നം. 54/2012/ പജപവവിവ നം. ഉത്തരവ്<br>4) 06/07/2012 ലെ സ.ഉ (കൈ) നം: 101/2012/പജപവവിവ നം. . ഉത്തരവ്.<br>5) 26/03/2013 ലെ സ.ഉ (കൈ) നം. 28/13/പജപവവിവ നം. ഉത്തരവ്<br>6) 10/12/2013 ലെ സ.ഉ ( അച്ചടി)നം.99/2013/പജപവവിവ നം. ഉത്തരവ്<br>7) 06/10/2014 ലെ സ.ഉ (കൈ) നം. 74/2014/പജപവവിവ നം. ഉത്തരവ് |
| (ബി) പ്രസ്തുത വിഭാഗക്കാർ എടുത്തിട്ടുള്ള വായ്പാ കുടിശ്ശികകൾ എന്നു വരെയുള്ളതാണ് എഴുതി തള്ളാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; വായ്പയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് പറയാമോ ; | (ബി) സർക്കാർ പ്രഖ്യാപിച്ച മിഷൻ 676 പദ്ധതിയുടെ ഭാഗമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള ഒരു ലക്ഷം രൂപ വരെയുള്ളതും 31/03/2010 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള ഒരു . പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഏകദേശം 200 കോടി രൂപയോളം ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്ന പ്രസ്തുത പ്രൊപ്പോസൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

(സി) 2013-2014 വർഷത്തിൽ എത്ര തുക ഈ ഇനത്തിൽ ചെലവഴിച്ചെന്നും എത്ര പേർക്ക് ആനുകൂല്യം ലഭിച്ചെന്നും വ്യക്തമാക്കുമോ ?

(സി) 2013-2014 വർഷത്തിൽ പട്ടികജാതി വിഭാഗക്കാരുടെ 50,000/- രൂപ വരെയുള്ള വായ്പകൾ എഴുതി തള്ളുന്ന പദ്ധതി പ്രകാരം 17,89,02,566/- രൂപ ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാന പട്ടികജാതി പട്ടിക വർഗ്ഗ കോർപ്പറേഷനിൽ നിന്നും വായ്പ എടുത്ത 2555 പേരുടേയും വ്യവസായ വാണിജ്യ വകുപ്പിൽ നിന്നും വായ്പ എടുത്ത 256 പേരുടേയും ഖാദി ഗ്രാമ വ്യവസായ ബോർഡിൽ നിന്നും വായ്പ എടുത്ത 1834 പേരുടേയും 'വായ്പകൾ എഴുതി തള്ളി സർക്കാർ ഉത്തരവായിട്ടുണ്ട്. ടി തുകയിൽ 12,00,00,000/- രൂപ സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എഴുതി തള്ളുന്നതിന് വേണ്ടി അനുവദിച്ചതാണ്. ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം കോ- ഓപ്പറേറ്റീവ് റജിസ്ട്രാറിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ